**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5851 | 28.03.2018 ൽ മറുപടിക്ക്

## ജില്ലാ, താലൂക്ക് ആശുപത്രികളിലെ രാത്രികാല ചികിത്സ

| | ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ജില്ലാ, താലൂക്ക് ആശുപത്രികളിൽ രാത്രി കാലങ്ങളിൽ വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ലാ, താലൂക്ക് ആശുപത്രികളിൽ രാത്രി കാലങ്ങളിൽ വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം വിനിയോഗിക്കുന്നുണ്ട്. കാൾ ഡ്യൂട്ടി പ്രകാരം ആണ് ഇത് ചെയ്തു വരുന്നത്. |
| (ബി) | രാത്രി കാലങ്ങളിൽ ആവശ്യമായ ഡോക്ടർമാരില്ലാത്തതിനാൽ പ്രസ്തുത ആശുപത്രികളിൽ അടിയന്തര ആവശ്യങ്ങൾക്ക് എത്തുന്ന രോഗികൾക്ക് അസൗകര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരുടെ സേവനം അടിയന്തിര സാഹചര്യങ്ങളിൽ വിനിയോഗിക്കുന്നുണ്ട്. ഇതിനായി ജില്ലാ/താലൂക്ക് ആശുപത്രികളിൽ ആർദ്രം മിഷൻ മുഖേന കൂടുതൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. |
| (സി) | പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ? | (സി) | ജില്ലാതല-താലൂക്ക് തല ആശുപത്രികളിലേക്ക് അധിക തസ്തിക സൃഷ്ടിച്ച് ആവശ്യമായ സ്റ്റാഫിനെ നിയമിച്ചും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ഒരുക്കി ആയത് ക്രമീകരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ജില്ലാ/ജനറൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യമൊരുക്കുന്നതിനും, 44 താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി വഴി പുരോഗമിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 2000 കോടി രൂപയുടെ അടിസ്ഥാന വികസന സൗകര്യത്തിനുള്ള ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ